# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5503 | 02.11.2016 - ൽ മറുപടിയ്ക്ക് |
|---|---|

## നികുതി ഒഴിവാക്കുന്നതിനു നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എം. വിൻസെന്റ് | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | 2016-17 വർഷത്തെ ബഡ്ജറ്റിൽ ഖാദി ഉല്പന്നത്തിന്റെ ടാക്സ് 2% ആയി ഉയർത്തുകയുണ്ടായി. പരമ്പരാഗത വ്യവസായം കൊണ്ടു ജീവിക്കുന്ന കുടുംബങ്ങളെ പ്രത്യേകിച്ച് നെയ്ത്തു മേഖലയെ വളരെ പ്രതികൂലമായി ബാധിക്കുന്ന പ്രസ്തുത തീരുമാനം പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | കേരള മൂല്യ വർദ്ധിത നികുതി നിയമത്തിൻ കീഴിൽ ഖാദി തുണിത്തരങ്ങൾക്ക് നികുതി ഏർപ്പെടുത്തിയിട്ടില്ല. |
| (ബി) | കേരളത്തിൽ ഉല്പാദിപ്പിക്കുന്ന കൈത്തറി തുണികൾക്ക് ചെക്ക്പോസ്റ്റിൽ ടാക്സ് ഈടാക്കുന്നുണ്ട്;പരമ്പരാഗതമായ പ്രസ്തുത വ്യവസായം അന്യംനിന്നു പോകുന്ന അവസ്ഥയാണുള്ളത് ;കേരളത്തിനകത്ത് ഉല്പാദിപ്പിക്കുന്ന തുണിത്തരങ്ങൾക്ക് 2% നികുതി ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (ബി) | 2016-17 ബഡ്ജറ്റിൽ കൈത്തറി തുണിത്തരങ്ങൾക്ക് 2% നികുതി ഏർപ്പെടുത്തുകയുണ്ടായി . തുണിത്തരങ്ങളിന്മേലുള്ള അഡീഷണൽ എക്സൈസ് ഡ്യൂട്ടി കേന്ദ്ര ഗവണ്മെന്റ് ഒഴിവാക്കിയതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് അതിൽ നിന്നുള്ള കേന്ദ്ര വിഹിതം കിട്ടാതായി. അതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് തുണിത്തരങ്ങളിൽ വാറ്റ് ഏർപ്പെടുത്താനുള്ള നിയമതടസ്സം നീങ്ങുകയും ചെയ്തു. 2014 ൽ ഒരു കോടി രൂപയ്ക്കുമേൽ തുണിത്തരങ്ങളിൽ വിറ്റുവരവുള്ള വ്യാപാരികളുടെ മേൽ 2 ശതമാനം വിറ്റുവരവ് നികുതി (ടേണോവർ ടാക്സ്) ഏർപ്പെടുത്തുവാൻ |

| | | | | |
|---|---|---|---|---|
| | | | | വകുപ്പ് 6 A പ്രകാരം കേരള മൂല്യ വർദ്ധിത നികുതി നിയമത്തിൽ വ്യവസ്ഥ ചെയ്തിരുന്നു.<br><br>ടേണോവർ ടാക്സ് ഈടാക്കുന്നതിൽ നിന്നും കൈത്തറി, ഖാദി തുണിത്തരങ്ങളെ ഒഴിവാക്കിയിട്ടുണ്ടായിരുന്നു. എന്നാൽ മിക്ക വ്യാപാരികളും മറ്റ് ടെക്സ്റ്റൈൽ ഇനങ്ങളെ കൂടി കൈത്തറി, ഖാദി തുണിത്തരങ്ങളായി തെറ്റായി വർഗ്ഗീകരിച്ച് നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവായിരുന്നു. ഇപ്രകാരമുള്ള തെറ്റായ വർഗ്ഗീകരണം കണ്ടുപിടിക്കുക വകുപ്പിന് ഏറെ ആയാസകരവുമാണ്. ടെക്സ്റ്റൈൽ വ്യാപാര മേഖലയുടെ പൊതുവായ ആവശ്യം പരിഗണിച്ച് 01/04/2015 മുതൽ 6 A വകുപ്പ് പ്രകാരമുള്ള ടേണോവർ ടാക്സ് പിൻവലിക്കുകയും എല്ലാത്തരം ടെക്സ്റ്റയിൽ ഇനങ്ങൾക്കും 1 ശതമാനം മൂല്യ വർദ്ധിത നികുതി ഏർപ്പെടുത്തുകയും ചെയ്തു. 2016 ലെ ധനകാര്യ ബിൽ പ്രകാരം ടെക്സ്റ്റയിൽ ഇനങ്ങളുടെ നികുതി നിരക്ക് 2% ആയി വർദ്ധിപ്പിക്കുകയും ചെയ്തു.<br><br>തുണിത്തരങ്ങളുടെ ആകെയുള്ള വില്പനയുടെ 10 ശതമാനത്തിൻ താഴെ മാത്രമേ കൈത്തറി വസ്ത്രങ്ങളുടെ വില്പന വരികയുള്ളൂ. കൈത്തറി വസ്ത്രങ്ങൾക്ക് നിലവിലുള്ള 2 ശതമാനം നികുതി പിൻവലിക്കുന്ന പക്ഷം അതു വീണ്ടും ടെക്സ്റ്റയിൽ ഇനങ്ങളുടെ തെറ്റായ വർഗ്ഗീകരണത്തിന് ഇടയാക്കുകയും നികുതി വെട്ടിപ്പിന് കാരണമാവുകയും ചെയ്യും. മാത്രവുമല്ല ചെക്ക്പോസ്റ്റുകളിലൂടെ ഇത്തരം വാഹനങ്ങൾ കടത്തിവിടുമ്പോൾ നടത്തുന്ന പരിശോധന കൂടുതൽ ദുഷ്കരമാവുകയും ചെയ്യും. |

| | | | |
|---|---|---|---|
| | | | നിലവിൽ ടെക്സ്റ്റയിൽ ഇനങ്ങൾക്ക് ഈടാക്കി വരുന്ന 2 ശതമാനം നികുതി നിരക്ക് വളരെ തുച്ഛവും ഉപഭോക്താക്കളിൽ നിന്നും പിരിക്കാവുന്നതുമാണ്. |

sd/-

**സെക്ഷൻ ഓഫീസർ**